**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **01-03-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി നിയോജക മണ്ഡലത്തിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി നിയോജക മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്(കേസ്)-ന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | **എ)** മലപ്പുറം ജില്ലയിലെ പൊന്നാനി മണ്ഡലത്തിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ കീഴിൽ കൗശൽ കേന്ദ്ര സെന്റർ തുടങ്ങുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി അനുയോജ്യമായ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടം നിർദേശിക്കാനായി ഡിസ്ട്രിക്റ്റ് സ്കിൽ കമ്മിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടർക്ക് KASE - മാനേജിങ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഡിസ്ട്രിക്റ്റ് സ്കിൽ കോർഡിനേറ്റർ വഴി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ